# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 297 — 6.1.2014- ൽ മറുപടിക്ക്

## ഹാരിസൺ മലയാളം കമ്പനിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

| **ചോദ്യം** | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ച് വരുന്നത് സംബന്ധിച്ച ഹാരിസൺ മലയാളം കമ്പനിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി ഭൂമി കൈവശം വച്ചത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കൊല്ലം സബ് രജിസ്ട്രാർ ആഫീസിൽ നിന്നും വ്യാജ മുക്ത്യാർ പത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യാജരേഖകൾ ചമച്ച് ഭൂമി അപഹരിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം പ്രത്യേക അന്വേഷണ യൂണിറ്റ് II ൽ വിജിലൻസ് കേസ് രജിസ്റ്റർചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |
| ( ബ 1 ) അന്വേഷണം ആരംഭിച്ചത് എപ്പോഴായിരുന്നു; അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരൊക്കെ; വിജിലൻസ് അന്വേഷണം ആരംഭിച്ചതിനുശേഷം ഇന്നുവരെ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥന്മാരെ മാറ്റിയിട്ടുണ്ട് ; | **(ബി) യും (സി) യും** വിജിലൻസ് അന്വേഷണം ആരംഭിച്ചത് 13.2.2013 ലാണ്. പ്രസ്തുത വിജിലൻസ് അന്വേഷണം നടത്തിയത് പ്രത്യേക അന്വേഷണ യൂണിറ്റ് II ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ.എൻ.നന്ദനൻപിള്ള ആണ്. 31.7.2013 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.എൻ.നന്ദനൻപിള്ളയുടെ സ്ഥലം മാറ്റത്തിന് ഉത്തരവായിരുന്നു എങ്കിലും |

( സ 1 ) ഹാരിസൺ കമ്പനിയെ അന്യായമായി സഹായിക്കാൻ അന്വേഷണ ഉദ്യോഗസ്ഥനെത്തന്നെ മാറ്റി എന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

വിജിലൻസ് അന്വേഷണം പൂർത്തിയാക്കി 3.09.2013 ന് : റിപ്പോർട്ട് സമർപ്പിച്ച ശേഷമാണ് ശ്രീ.എൻ.നന്ദനൻപിള്ള വിജിലൻസിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുള്ളത്. തുടർന്ന് 3.11.2013 ൽ പ്രത്യേക അന്വേഷണ യൂണിറ്റ് II ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.വി.ശ്യാംകുമാർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു.

സെക്ഷൻ ആഫീസർ